# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3767 20/07/2015-ലെ മറുപടിക്ക്

## ഹയർ സെക്കന്ററി അധ്യാപകരുടെ സ്ഥലംമാറ്റം സംബന്ധിച്ച മാനദണ്ഡം

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ.എം.എ.ബേബി<br>,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഹയർ സെക്കന്ററി അധ്യാപകരുടെ സ്ഥലംമാറ്റം സംബന്ധിച്ച മാനദണ്ഡത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ ; | (എ) ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ പൊതു സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡങ്ങൾ 27/05/2015-ലെ സ.ഉ (പി) 143/2015/പൊവി പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) പ്രസ്തുത മാനദണ്ഡം മാറ്റുന്നത് സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; പരാതികളിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങളിൽ നിലപാട് വിശദമാക്കാമോ ; | (ബി) 25 പരാതികൾ ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട്. മാതൃജില്ലക്ക് പുറത്ത് സേവനമനുഷ്ഠിച്ച സേവന ദൈർഘ്യം ഒറ്റ യൂണിറ്റായി പരിഗണിക്കുക, ജില്ലയിൽ അഞ്ചു വർഷം പൂർത്തീകരിച്ച് കഴിഞ്ഞ അദ്ധ്യാപകരിൽ പുറത്തു പോകേണ്ടിവരുന്ന അദ്ധ്യാപകരെ മറ്റ് ജില്ലയിലേക്കും സ്ഥലം മാറ്റത്തിന് പരിഗണിക്കുക, മാർച്ച് 31 സീനിയോറിറ്റി കണക്കാക്കുന്നത് മാറ്റി നോട്ടിഫിക്കേഷൻ തീയതി സീനിയോറിറ്റി കണക്കാക്കുന്നതിന് പരിഗണിക്കുക എന്നിവയാണ് പരാതികളിൽ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ സർക്കാർ പുറപ്പെടുവിച്ച മാനദണ്ഡങ്ങൾ അനുസരിച്ചാണ് സ്ഥലംമാറ്റം നടത്തുന്നത്. നിലവിലെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ലാത്തതിനാൽ പരാതിക്കാരുടെ ആവശ്യം പരിഗണിക്കാൻ കഴിയുകയില്ല. |

| | |
|---|---|
| (സി) 2015 ജൂലൈ - ആഗസ്റ്റ് മാസങ്ങളിൽ ഹയർ സെക്കന്ററി അധ്യാപകരെ കൂട്ടത്തോടെ അന്യജില്ലകളിലേക്ക് മാറ്റാൻ നയപരമായി തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ സർക്കാർ വിദ്യാലയങ്ങളിലെ അക്കാദമിക അന്തരീക്ഷത്തെ ബാധിക്കുന്ന പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനം വിശദമാക്കാമോ ; | (സി) ഇല്ല. 27/05/2015-ലെ സ.ഉ (പി) 143/2015/പൊവി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മാതൃജില്ലയിൽ അഞ്ച് വർഷം പൂർത്തീകരിച്ച് കഴിഞ്ഞ അദ്ധ്യാപകരെ യോഗ്യരായ അപേക്ഷകരുടെ അടിസ്ഥാനത്തിൽ മാത്രം മാറ്റാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം ഹയർ സെക്കന്ററി ഡയറക്ടറുടെ 01/07/2015-ലെ എഡി സി6/ 5697/ 2015 നമ്പർ സർക്കുലർ പ്രകാരം 2015-16 വർഷത്തെ പൊതു സ്ഥലംമാറ്റത്തിന് ഓൺലൈൻ മുഖാന്തിരം അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. |
| (ഡി) 2015 മേയ് മാസത്തിലെ ഉത്തരവ് പ്രകാരം മാർച്ച് മാസം നടത്തേണ്ട സ്ഥലംമാറ്റം ജൂലൈ - ആഗസ്റ്റ് മാസങ്ങളിൽ നടത്തുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; | (ഡി) പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ ഭേദഗതിചെയ്യണമെന്ന അദ്ധ്യാപക സംഘടനകളുടെ അഭ്യർത്ഥനയനുസരിച്ച് പുതുക്കിയ പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾ 27/05/2015-ലാണ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് . ആയത് പ്രകാരം ഈ വർഷം തന്നെ സ്ഥലംമാറ്റം നടത്തണമെന്ന് പരാതികളും നിവേദനങ്ങളും അദ്ധ്യാപകരിൽ നിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് 2015 ജൂലൈ മാസം തന്നെ അപേക്ഷ ക്ഷണിച്ചത്. |
| (ഇ) പ്രസ്തുത സ്ഥലംമാറ്റം സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ ഇടപെട്ടിരുന്നോ ; 2015 മേയ് മാസത്തിൽ കമ്മീഷൻനൽകിയ ഉത്തരവ് സംബന്ധിച്ച് വിശദമാക്കാമോ ;<br>(എഫ്) പ്രസ്തുത ഉത്തരവിന് വിരുദ്ധമാണ് ഇപ്പോഴത്തെ സ്ഥലംമാറ്റ ഉത്തരവ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച നിലപാട് വിശദമാക്കാമോ ; | (ഇ) & (എഫ്) ഇതു സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ 2015 മെയ് മാസത്തിൽ നൽകിയ ഉത്തരവുകളൊന്നും ലഭിച്ചിട്ടില്ല. |
| (ജി) ഇതിനകം നടത്തിയ സ്ഥലംമാറ്റങ്ങളും പ്രമോഷനും സംബന്ധിച്ചുണ്ടായ | (ജി) ഉണ്ട്. പ്രസ്തുത പരാതികൾ 2014-15 അക്കാദമിക് വർഷം അവസാനിക്കുന്ന |

| | |
|---|---|
| പരാതികളിൽ ഇനിയും തീർപ്പാക്കാൻ അവശേഷിക്കുന്നവയുണ്ടോ ; എങ്കിൽ വിശദമാക്കുമോ ? | സമയത്താണ് ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ ലഭിച്ചിരുന്നത്. പ്രമോഷന്റെ പരാതികൾ പരിശോധിച്ച് നിയമാനുസൃതമായ നടപടി ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചു വരുന്നു. സ്ഥലംമാറ്റം സംബന്ധിച്ച പരാതികൾ 2015-16-ലെ പൊതു സ്ഥലംമാറ്റത്തിൽ ചട്ടങ്ങൾക്കനുസരിച്ച് പരിശോധിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ

അനുബന്ധം



**കേരള സർക്കാർ**

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കന്ററി വിദ്യാഭ്യാസം - സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (യു) വകുപ്പ്

സ.ഉ. (പി.) നം.143/2015/പൊവി തീയതി, തിരുവനന്തപുരം 27/05/2015

---

പരാമർശം:- (1) 10/09/2004-ലെ സർക്കാർ ഉത്തരവ് (പി.) നമ്പർ 12/04/ഉ.ഭ.പ.വ.
(2) 04/12/2007-ലെ സർക്കാർ ഉത്തരവ് (പി.) നമ്പർ 06/07/ഉ.ഭ.പ.വ.
(3) 27/05/2009-ലെ സർക്കാർ ഉത്തരവ് (പി.) നം.115/09/പൊ.വി.
(4) 22/09/2014-ലെ സർക്കാർ ഉത്തരവ് (പി.) നം.193/14/പൊ.വി.
(5) 06/02/2015-ലെ സർക്കാർ ഉത്തരവ് (പി.) നം.37/2015/പൊ.വി.
(6)ഹയർ സെക്കന്ററി ഡയറക്ടറുടെ 12/05/2015-ലെ എഡി.സി6 20474/HSE/2015 നമ്പർ കത്ത്.

<u>ഉത്തരവ്</u>

**സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ പൊതു സ്ഥലംമാറ്റം പരാമർശം (3) മുതൽ (5) വരെയുള്ള സർക്കാർ ഉത്തരവുകളിലെ മാനദണ്ഡങ്ങൾ പ്രകാരമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. എന്നാൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ നിലനിൽക്കുന്ന അദ്ധ്യാപകരുടെ ഓൺലൈൻ സ്ഥലംമാറ്റ മാനദണ്ഡങ്ങളിൽ ചില മാറ്റങ്ങൾ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുവാൻ 27/04/2015-ൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ അധ്യക്ഷതയിൽ കൂടിയ അദ്ധ്യാപക സംഘടന പ്രതിനിധികളുടെ യോഗത്തിൽ തീരുമാനമെടുക്കുകയും അപ്രകാരം തയ്യാറാക്കിയ കരട് ഭേദഗതി റിപ്പോർട്ട് പരാമർശം (6)** പ്രകാരം ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് ലഭ്യമാക്കുകയുമുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ നിലവിലുള്ള പൊതു സ്ഥലമാറ്റം സംബന്ധിച്ച പരാമർശം (3) മുതൽ (5) വരെയുള്ള സർക്കാർ ഉത്തരവുകൾ ഭേദഗതി ചെയ്ത് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1) പൊതു സ്ഥലമാറ്റം വർഷത്തിൽ ഒരിക്കൽ മാത്രം നടത്തുന്നതാണ് അത് **മധ്യവേനൽഅവധിക്കാലത്തായിരിക്കും നടത്തുക. സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ**

എല്ലാവർഷവും മാർച്ച് 15-നകം ഹയർ സെക്കന്ററി ഡയറക്ടർക്ക് ലഭിക്കത്തക്കവിധം ക്രമീകരിക്കുന്നതാണ്.

(i) പ്രിൻസിപ്പൽമാരുടെ സ്ഥലംമാറ്റമാകും ആദ്യം നടത്തുക. പ്രിൻസിപ്പൽമാരുടെ സ്ഥലംമാറ്റത്തെ തുടർന്ന് ഏതെങ്കിലും ഹയർ സെക്കന്ററി അധ്യാപിക/അധ്യാപകന് സ്കൂൾ മാറ്റം അനിവാര്യമാകുകയാണെങ്കിൽ അവർക്ക് സൗകര്യപ്രദമായ മറ്റ് സ്കൂളുകളിലേക്ക് അപേക്ഷിക്കാൻ അവസരം നൽകുന്നതും പ്രസ്തുത അപേക്ഷകൾ കൂടി പരിഗണിച്ചാകും ഹയർസെക്കന്ററി അദ്ധ്യാപക പൊതു സ്ഥലംമാറ്റം നടത്തുക.

(ii) പൊതു സ്ഥലംമാറ്റത്തിന് ശേഷം വരുന്ന ഒഴിവുകളിൽ നീക്കപോക്ക് സ്ഥലംമാറ്റം ആഗസ്റ്റ് മാസത്തിൽ പൂർത്തിയാക്കുന്നതാണ്.

(iii) സാധാരണഗതിയിൽ ഒക്ടോബറിന് ശേഷം നീക്കപോക്ക് സ്ഥലംമാറ്റം അക്കാദമിക് കാരണങ്ങളാൽ നടത്തുന്നതല്ല. എന്നാൽ ഏതെങ്കിലും കാരണവശാൽ ഒഴിവുകൾ ഇടക്കാലത്ത് ലഭ്യമാകുന്നപക്ഷം അവയിലേക്ക് പി.എസ്.സി വഴി പുതുതായോ, പ്രമോഷൻ/ബൈട്രാൻസ്ഫർ വഴിയോ നിയമനം നടത്തുകയാണെങ്കിൽ പ്രസ്തുത നിയമനത്തിന് മുമ്പ് ഒഴിവുള്ള ഇടങ്ങളിലേക്ക് സ്ഥലംമാറ്റ അപേക്ഷകരുണ്ടെങ്കിൽ അവരുടെ സ്ഥലംമാറ്റം പരിഗണിക്കുന്നതാണ്.

(iv) സ്ഥലംമാറ്റങ്ങൾക്ക് മാർച്ച് മാസം നൽകുന്ന പൊതുസ്ഥലംമാറ്റ അപേക്ഷയായിരിക്കും പരിഗണിക്കുക.

(2) പൊതു സ്ഥലംമാറ്റത്തിനായി ഒരു ജില്ലയിലെ ഹയർ സെക്കന്ററി സ്കൂളുകളെ ഒറ്റ യൂണിറ്റായിട്ടായിരിക്കും പരിഗണിക്കുന്നത്. ഒരു ജില്ലയിൽ മൂന്നുവർഷം സേവനമനുഷ്ഠിച്ചവർക്കു മാത്രമേ പൊതു സ്ഥലംമാറ്റത്തിന് സാധാരണ ഗതിയിൽ അർഹതയുള്ളൂ. എന്നാൽ ഒരു ജില്ലയിൽ തുടർച്ചയായി മൂന്നുവർഷം സേവനമനുഷ്ഠിച്ചവർക്കു വിവിധ ജില്ലകളിലായി സേവനമനുഷ്ഠിച്ചവരേക്കാൾ പൊതു സ്ഥലംമാറ്റത്തിന് മുൻഗണന നൽകുന്നതാണ്. എന്നിരുന്നാലും യോഗ്യരായ അപേക്ഷകരില്ലാത്ത ഒഴിവുകളിലേക്ക് ഒരു ജില്ലയിൽ മൂന്ന് വർഷത്തിൽ കുറവ് ജോലി ചെയ്തവരേയും പരിഗണിക്കുന്നതാണ്. പ്രിൻസിപ്പാൾ നിയമനം മൂലം പുറത്താവുന്ന അദ്ധ്യാപകർ ജോലിചെയ്തിരുന്ന ജില്ലയ്ക്ക് പുറത്ത് നിയമനം ലഭിക്കുകയാണെങ്കിൽ അവരുടെ മുൻജില്ലയിലെ സർവ്വീസ് കൂടി പരിഗണിക്കുന്നതാണ്.

(i) സർവ്വീസിലുള്ള മുഴുവൻ ഹയർ സെക്കന്ററി അദ്ധ്യാപകരുടെയും നിയമന കത്തിലെ വിലാസം ഉൾക്കൊള്ളുന്ന ജില്ല മാതൃജില്ലയായി പരിഗണിക്കുന്നതാണ്. എന്നാൽ അതിൽ മാറ്റം വന്നിട്ടുള്ള അദ്ധ്യാപകർ ആയത് തെളിയിക്കുന്ന മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ ഒരു സത്യപ്രസ്താവന കൂടി നൽകേണ്ടതാണ്. ഇപ്രകാരം മാതൃജില്ലയിൽ മാറ്റം വരുത്തുന്നത് ഒരാളുടെ സർവ്വീസിൽ ഒരു പ്രാവശ്യം മാത്രമേ അനുവദിക്കുകയുള്ളൂ.

(ii) സർവ്വീസിലുള്ള ഹയർസെക്കന്ററി അദ്ധ്യാപകർ മാതൃജില്ലയിൽ തുടർച്ചയായി 5 വർഷത്തെ സേവനം പൂർത്തീകരിച്ച് കഴിഞ്ഞാൽ പ്രസ്തുത ജില്ലയിലേക്ക് ട്രാൻസ്ഫർ ആവശ്യപ്പെട്ട യോഗ്യരായ അപേക്ഷകരുണ്ടെങ്കിൽ മാറ്റുന്നതാണ്.

(iii) ട്രാൻസ്ഫറിന് യോഗ്യരായ അപേക്ഷകരുടെ എണ്ണമനുസരിച്ച് ഏറ്റവും

സീനിയറായ അദ്ധ്യാപകരെ അവരുടെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സ്ഥലം മാറ്റപ്പെടുന്നതാണ്.

(iv) **നിലവിൽ അദ്ധ്യാപകർ മാതൃജില്ലയിൽ തുടർച്ചയായി അഞ്ചു വർഷം പൂർത്തീകരിക്കുകയും ടി ജില്ലയിലേയ്ക്ക് സ്ഥലം മാറ്റം ആവശ്യപ്പെടുന്ന അതേ മാതൃജില്ലക്കാരായ യോഗ്യരായ അപേക്ഷകരുണ്ടെങ്കിൽ മാത്രം ടി അദ്ധ്യാപകരെ മാറ്റാവുന്നതും ടി അദ്ധ്യാപകരെ മാറ്റി നിയമിക്കാൻ മാതൃ ജില്ലയിൽ മറ്റൊഴിവില്ലാതിരിക്കുകയും ചെയ്താൽ ഒഴിവുള്ള ജില്ലകളിലേയ്ക്ക് മാറ്റം നൽകുന്നതാണ്.**

(v) മാതൃജില്ലയിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കാൻ യോഗ്യരായ അപേക്ഷകരുടെ എണ്ണം അനുസരിച്ച് ഏറ്റവും കൂടുതൽ കാലം ഒരു ജില്ലയിൽതന്നെ തുടർച്ചയായി സേവനമനുഷ്ഠിച്ച അദ്ധ്യാപകരെ സീനിയോറിറ്റിയുടെ **അടിസ്ഥാനത്തിൽ സ്ഥലംമാറ്റാവുന്നതാണ്.**

(vi) **ട്രാൻസ്ഫർ ചെയ്യപ്പെടുന്ന അദ്ധ്യാപകർ മാതൃജില്ലയിൽ 5 വർഷമോ അതിൽ** കൂടുതലോ സേവനം അനുഷ്ഠിക്കുകയും 3 വർഷമെങ്കിലും മറ്റൊരു ജില്ലയിലും സേവനം അനുഷ്ഠിക്കാത്തവരുമാണെങ്കിൽ ഇവർക്ക് മറ്റ് പതിമൂന്ന് ജില്ലകളിലേക്കും ട്രാൻസ്ഫറിന് അപേക്ഷിക്കാൻ കഴിയുന്നതാണ്. അതോടൊപ്പം മാതൃജില്ലയിൽ 5 വർഷമോ അതിൽ കൂടുതലോ സേവനമനുഷ്ഠിക്കുകയും മറ്റേതെങ്കിലും ജില്ലയിൽ 3 വർഷമെങ്കിലും സേവനം അനുഷ്ഠിക്കുകയും ചെയ്തവർക്കും അവർ ട്രാൻസ്ഫർ ചെയ്യപ്പെടുകയാണെങ്കിൽ മാതൃജില്ലയൊഴിച്ച് മറ്റേത് ജില്ലയിലേക്കും ട്രാൻസ്ഫറിന് **അപേക്ഷിക്കാവുന്നതാണ്.** ഇടുക്കി, വയനാട്, കാസറഗോഡ് ജില്ലകൾ മാതൃജില്ലകളായിട്ടുള്ള അദ്ധ്യാപകർക്ക് അതാതു ജില്ലയ്ക്കകത്ത് (മൂന്ന് വർഷം പൂർത്തിയാക്കുന്ന മുറയ്ക്ക്) സ്ഥലംമാറ്റത്തിന് പരിഗണിക്കാവുന്നതാണ്. ഓപ്റ്റ് ചെയ്യാവുന്ന സ്കൂളുകളുടെ എണ്ണത്തിൽ നിലവിലുള്ള വ്യവസ്ഥ തുടരുന്നതാണ്.

(vii) മാതൃ ജില്ലയിൽ 5 വർഷം പൂർത്തീകരിച്ച അധ്യാപകർ സ്ഥലം മാറ്റപ്പെടുമ്പോൾ പ്രസ്തുത ജില്ലയിൽ സേവനദൈർഘ്യം കൂടുതലുള്ള അധ്യാപകരാണ് സ്ഥലം മാറ്റപ്പെടേണ്ടത്.

(viii) മാതൃജില്ലയിൽ അപേക്ഷപ്രകാരം ട്രാൻസ്ഫർ ലഭിക്കുന്ന ഒരു അദ്ധ്യാപകൻ ഒരു സ്ഥാപനത്തിൽ തുടർച്ചയായി 3 വർഷം സേവനം **പൂർത്തീകരിച്ചാൽ പ്രസ്തുത അദ്ധ്യാപകനെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ജില്ലയിലെ തന്നെ മറ്റേതെങ്കിലും സ്ഥാപനത്തിലേക്ക് സൗകര്യപ്രദമായി മാറ്റുന്നതാണ്.**

(ix) **പ്രിൻസിപ്പൽ നിയമനംമൂലം ത്രോൺഔട്ട് ആകുന്ന അദ്ധ്യാപകർക്ക് പ്രസ്തുത ജില്ലയിൽ പ്രഥമ പരിഗണന നൽകുന്നതാണ്. എന്നാൽ അതേ ജില്ലയിൽ ഒഴിവില്ലാതെ വരുന്ന സാഹചര്യത്തിൽ ത്രോൺഔട്ട് ആയവരുടെ സീനിയോറിറ്റി അനുസരിച്ച് സമീപ ജില്ലയിലെ ഒഴിവുകളിലേക്ക് പരിഗണിക്കുന്നതാണ്. ഇങ്ങനെയുള്ള അദ്ധ്യാപകർ നിർബന്ധമായും ട്രാൻസ്ഫറിന് അപേക്ഷ നൽകേണ്ടതാണ്.**

(x) മാനദണ്ഡം 2 (ii), (iii), (iv), (v), (vi) എന്നിവയിലെ നിബന്ധനകളിൽ നിന്നും ചുവടെ ചേർക്കുന്ന വിഭാഗങ്ങൾക്ക് ഇളവ് അനുവദിക്കുന്നതാണ്,

(i) വിരമിക്കാൻ രണ്ടുവർഷമോ അതിൽകുറവോ സർവ്വീസുള്ളവർ

(ii) സൈനിക സേവനത്തിനിടെ മരണമടഞ്ഞ/അംഗവൈകല്യം സംഭവിച്ച ജവാന്റെ ഭാര്യ/ഭർത്താവ്

(iii) **മാനദണ്ഡം 9 പ്രകാരം അനുകമ്പാർഹ പരിരക്ഷ ലഭിക്കുന്നവർ (പരിരക്ഷയ്ക്കർഹതയുള്ള കാലം വരെ മാത്രം )**

(iv) 1995-ലെ പേഴ്സൺസ് വിത്ത് ഡിസ്എബിലിറ്റീസ് ആക്ടിൽ നിർവ്വചിക്കപ്പെട്ടിട്ടുള്ള വികലാംഗർ

(3) ഹയർസെക്കന്ററി സർവ്വീസ് ദൈർഘ്യം ആയിരിക്കും സ്ഥലംമാറ്റത്തിന് അപേക്ഷകരുടെ സീനിയോറിറ്റി കണക്കാക്കാനുള്ള മാനദണ്ഡം.

(i) ഹയർസെക്കന്ററി സീനിയർ അധ്യാപിക/അധ്യാപകനായി ബൈട്രാൻസ്ഫർ വഴിയാണ് നിയമനമെങ്കിൽ പ്രസ്തുത നിയമന ഉത്തരവിന്റെ തീയതിയും ഉത്തരവിലെ ക്രമനമ്പരും ആകും സീനിയോറിറ്റി കണക്കാക്കാൻ പരിഗണിക്കുക.

(ii) പി.എസ്.സി വഴി ഹയർസെക്കന്ററി സീനിയർ അധ്യാപിക/അധ്യാപകനായാണ് നിയമനമെങ്കിൽ പ്രസ്തുത നിയമനത്തിനായി അഡ്വൈസ് ചെയ്ത തീയതിയും അഡ്വൈസ് ക്രമനമ്പരും ആകും സീനിയോറിറ്റി കണക്കാക്കാൻ പരിഗണിക്കുക.

(iii) ഹയർ സെക്കന്ററി സീനിയർ അധ്യാപിക/അധ്യാപകനായി ഹയർ സെക്കന്ററി ജൂനിയർ അധ്യാപക തസ്തികയിൽ നിന്ന് പ്രൊമോഷൻവഴിയാണ് നിയമനമെങ്കിൽ പ്രമോഷൻ ഉത്തരവിന്റെ തീയതിയും, ഉത്തരവിലെ ക്രമനമ്പരുമാകും സീനിയോറിറ്റി കണക്കാക്കാൻ പരിഗണിക്കുക.

(iv) ഹയർ സെക്കന്ററി ജൂനിയർ അധ്യാപിക/അധ്യാപകനായിബൈട്രാൻസ്ഫർ വഴിയാണ് നിയമനമെങ്കിൽ പ്രസ്തുത നിയമന ഉത്തരവിന്റെ തീയതിയും ഉത്തരവിലെ ക്രമനമ്പരും ആകും സീനിയോറിറ്റി കണക്കാക്കാൻ പരിഗണിക്കുക.

(v) പി.എസ്.സി വഴി ഹയർസെക്കന്ററി ജൂനിയർ അധ്യാപിക/അധ്യാപകനായാണ് നിയമനമെങ്കിൽ പ്രസ്തുത നിയമനത്തിനായി അഡ്വൈസ് ചെയ്ത തീയതിയും അഡ്വൈസ് ചെയ്ത ക്രമനമ്പരും ആകും സീനിയോറിറ്റി കണക്കാക്കാൻ പരിഗണിക്കുക.

(vi) പി.എസ്.സി വഴി ഹയർസെക്കന്ററി സീനിയർ അധ്യാപിക/അധ്യാപകൻ ഹയർസെക്കന്ററി ജൂനിയർ അധ്യാപിക/അധ്യാപകനായി നിയമിക്കപ്പെട്ടവർ ജോലിയിൽ ചേർന്നത് നിയമന തീയതിക്ക് മൂന്ന് മാസത്തിന് ശേഷമാണെങ്കിൽ അവർ സർവ്വീസിൽ ചേർന്ന ദിവസം മുതൽ മാത്രം സീനിയോറിറ്റി കണക്കാക്കുന്നതാണ്.

(vii) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലൊഴികെയുള്ള അന്യത്ര സേവനകാലം, വിദേശത്തോ, ഇന്ത്യക്കുള്ളിലോ മെച്ചപ്പെട്ട തൊഴിൽ തേടുന്നതിന് വേണ്ടിയെടുത്ത ശമ്പള രഹിത അവധിക്കാലം, വിദേശത്തോ, ഇന്ത്യക്കുള്ളിലോ ഭാര്യ/ഭർത്താവിനോടൊപ്പം ചേരുന്നതിന് വേണ്ടിയെടുത്ത ശമ്പളരഹിത അവധിക്കാലം, മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലല്ലാതെ സ്വകാര്യ ആവശ്യത്തിന് എടുത്ത ശമ്പളരഹിത അവധിക്കാലം എന്നിവ സ്ഥലംമാറ്റത്തിന് സീനിയോറിറ്റി കണക്കാക്കുന്നതിന് പരിഗണിക്കുന്നതല്ല.

(4) മാർച്ച് 31 വച്ചാകും പൊതു സ്ഥലംമാറ്റത്തിനുള്ള സർവ്വീസ് ദൈർഘ്യം കണക്കാക്കുക.

(5)പരസ്പരം സ്ഥലംമാറ്റ (മ്യൂച്ചൽ ട്രാൻസ്ഫർ) അപേക്ഷകൾ പരിഗണിക്കപ്പെടുകയില്ല.

(6) അധ്യാപിക/അധ്യാപകൻ മേലധികാരി മുഖേന നൽകുന്ന അപേക്ഷയല്ലാതെ അവരുടെ ബന്ധുക്കളോ ആശ്രിതരോ നൽകുന്ന സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

(7) വിരമിക്കാൻ രണ്ട് വർഷംമാത്രം സർവ്വീസുള്ളവർക്ക് പൊതു സ്ഥലംമാറ്റത്തിൽ പ്രത്യേക പരിഗണന ഉണ്ടായിരിക്കുന്നതാണ്. ഇങ്ങനെ സ്ഥലംമാറ്റം ചെയ്യുമ്പോൾ വിരമിക്കാൻ കുറഞ്ഞ കാലമുള്ളവർക്കായിരിക്കും മുൻഗണന നൽകുക.

(8) 10/09/2004-ലെ സ.ഉ .(പി) നമ്പർ 12/04/ഉഭപവ ഉത്തരവിലെ മാനദണ്ഡം നമ്പർ 18-ൽ പറഞ്ഞിട്ടുള്ള എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ടവർ, വികലാംഗർ, സർവ്വീസിലുള്ള ജവാന്മാരുടെ ആശ്രിതർ, ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ രക്ഷിതാക്കൾ തുടങ്ങിയവർക്ക് സ്ഥലംമാറ്റത്തിന് നിലവിലുള്ള പ്രത്യേക പരിഗണന ഉണ്ടായിരിക്കുന്നതാണ്. ഈ പരിഗണന ലഭിക്കണമെങ്കിൽ അപേക്ഷക/അപേക്ഷകൻ കുറഞ്ഞത് 3 വർഷം സർവ്വീസ് പൂർത്തിയാക്കിയിരിക്കണം. കൂടാതെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ/ഡോക്ടർമാർ പുറപ്പെടുവിച്ചതും, ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതുമായ രേഖകളുടെ പകർപ്പുകൾ സ്ഥലമാറ്റ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം ലഭിക്കുകയാണെങ്കിൽ ആയതിന്റെ അസ്സൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന സ്കൂൾ മേധാവി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. പരാമർശം (2) പ്രകാരം മിശ്രവിവാഹിതർക്ക് നിലവിൽ നൽകിവരുന്ന ഇളവുകൾ തുടർന്നും അനുവദിക്കുന്നതായിരിക്കും.

(9) അനുകമ്പാർഹ സ്ഥലംമാറ്റം പ്രത്യേക അപേക്ഷയുടെ അടിസ്ഥാനത്തിൽ മാത്രം പരിഗണിക്കുന്നതാണ്. ആകെയുള്ള ഒഴിവിന്റെ 10 ശതമാനത്തിൽ കൂടുതൽ ഇത്തരം സ്ഥലംമാറ്റങ്ങൾ നടത്താൻ പാടുള്ളതല്ല. താഴെപ്പറയുന്ന മാനദണ്ഡങ്ങൾ നിർബന്ധമായും ഇത്തരം സ്ഥാനംമാറ്റത്തിനുള്ള മുൻഗണനാലിസ്റ്റ് തയ്യാറാക്കുമ്പോൾ പരിഗണിക്കേണ്ടതാണ്.

(i) അപകടംവഴിയോ, ഗുരുതരമായ രോഗംമൂലമോ, സ്ഥിരമായ വൈകല്യം സംഭവിച്ച് മറ്റുള്ളവരുടെ സഹായം ആവശ്യമുള്ളവർ.

(ii) കാൻസർ പോലുള്ള ദീർഘകാല ചികിൽസ ആവശ്യമുള്ളതും മറ്റുള്ളവരുടെ സഹായം അനിവാര്യമാകുകയും ചെയ്യുന്ന രോഗങ്ങൾ പിടിപെട്ടവർ.

(iii) ഭാര്യ/ഭർത്താവ്, മക്കൾ,അച്ഛൻ/അമ്മ തുടങ്ങി അധ്യപിക/അധ്യാപകനെ പൂർണ്ണമായും ആശ്രയിക്കുന്നവർക്ക് കഠിനമായ രോഗങ്ങൾ പിടിപെടുകയും അധ്യാപിക/അധ്യാപകന്റെ സാമീപ്യം അനിവാര്യമാകുകയും ചെയ്യുന്ന അവസ്ഥ (രോഗത്തിന്റെ അവസ്ഥ മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയിരിക്കണം).

(iv) അനുകമ്പാർഹ സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നവർ ആവശ്യമായ മെഡിക്കൽ സർട്ടിഫിക്കറ്റും അനുബന്ധ രേഖകളും മേലധികാരിയുടെ സാക്ഷ്യപത്രത്തോടെ ഹയർ സെക്കന്ററി ഡയറക്ടർക്ക് അയയ്ക്കേണ്ടതുമാണ്.

(v) ഇത്തരം സ്ഥലംമാറ്റത്തിന് മുൻഗണനാലിസ്റ്റ് തയ്യാറാക്കുമ്പോൾ ഒരേ പരിഗണന അർഹിക്കുന്നവർ ഒന്നിലധികം ഉണ്ടാവുകയാണെങ്കിൽ അധ്യാപിക/അധ്യാപകന്റെ ആകെ സർവ്വീസ് ദൈർഘ്യം കൂടി പരിഗണിക്കുന്നതാണ്.

(vi) ഹയർ സെക്കന്ററി ഡയറക്ടർ ചെയർപേഴ്സണും, ഹയർ സെക്കന്ററി

അഡ്മിനിസ്റ്റേറ്റീവ് ഓഫീസർ , സർക്കാർ നോമിനേറ്റ് ചെയ്യുന്ന മെഡിക്കൽ ഓഫീസർ എന്നിവർ അംഗങ്ങളായുള്ള കമ്മിറ്റിയായിരിക്കും അനുകമ്പാർഹ സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ പരിശോധിച്ച് മുൻഗണനാലിസ്റ്റ് തയ്യാറാക്കേണ്ടത്.

(10) സൈനിക സേവനത്തിനിടെ മരണമടഞ്ഞ/അംഗവൈകല്യം ബാധിച്ച ജവാന്റെ ഭാര്യ/ഭർത്താവിന് പൊതുസ്ഥലംമാറ്റത്തിന് പ്രത്യേക പരിഗണന ഉണ്ടായിരിക്കും. ഇത്തരക്കാർക്ക് ഒരേ സ്ഥാപനത്തിലെ കുറഞ്ഞ സർവ്വീസ് ദൈർഘ്യം പരിഗണിക്കേണ്ടതില്ല. ഇവർ സൈനിക മേധാവികളിൽ നിന്നോ സൈനിക ക്ഷേമ ഡയറക്ടറിൽ നിന്നോ ഉള്ള സർട്ടിക്കറ്റ് സ്ഥലംമാറ്റ അപേക്ഷയോടൊപ്പം വയ്ക്കേണ്ടതാണ്.

(11) ട്രൈബൽ, മലയോര, എത്തിച്ചേരാൻ ദുഷ്കരമായ പ്രദേശങ്ങളിലുള്ള ഹയർ സെക്കന്ററി സ്കൂളുകളിൽ ജോലി ചെയ്യുന്നവർക്ക് സ്ഥലംമാറ്റത്തിന് സീനിയോറിറ്റി കണക്കാക്കുന്നത് ചുവടെ പറയുന്ന മാനദണ്ഡങ്ങൾകൂടി പരിഗണിച്ചായിരിക്കും, മേൽപ്പറഞ്ഞ സ്കൂളുകളിൽ ജോലി ചെയ്ത് രണ്ടു വർഷം പൂർത്തിയാക്കിയവർക്ക് അത് മൂന്ന് വർഷമായി പരിഗണിക്കുന്നതാണ്. തുടർന്നുള്ള ഓരോ വർഷത്തെ സർവ്വീസ് ഒന്നര വർഷത്തെ സർവ്വീസായി പരിഗണിക്കുന്നതാണ്. രണ്ട് വർഷത്തിൽ കുറവ് സർവ്വീസുള്ളവർക്ക് ഈ ആനുകൂല്യം ബാധകമാക്കുകയില്ല (ഇത്തരം സ്കൂളുകളുടെ ലിസ്റ്റ് ഹയർ സെക്കന്ററി ഡയറക്ടർ പ്രത്യേകം പ്രസിദ്ധീകരിക്കുന്നതാണ്.)

(12) ട്രൈബൽ, മലയോര, എത്തിച്ചേരാൻ ദുഷ്കരമായ പ്രദേശങ്ങളിലുള്ള ഹയർ സെക്കന്ററി സ്കൂളുകളിലേക്ക് സ്ഥലംമാറ്റം ആഗ്രഹിക്കുന്ന അധ്യാപിക/അധ്യാപകന് സ്ഥലംമാറ്റഅപേക്ഷയ്ക്ക് നിലവിലെ സ്ഥാപനത്തിൽ മൂന്ന് വർഷം സർവ്വീസ് വേണമെന്ന വ്യവസ്ഥയിൽ ഇളവ് അനുവദിക്കുന്നതാണ്.

(13)സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച് മറ്റു കാര്യങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചുള്ള മാനദണ്ഡങ്ങൾ ഹയർ സെക്കന്ററി അധ്യാപകർക്കും ബാധകമായിരിക്കും.

(14)പ്രിൻസിപ്പൽ തസ്തികയിലേക്കുള്ള പ്രമോഷൻ 22/09/2014 തീയതിക്ക് മുൻപ് സ്ഥിരമായി ഉപേക്ഷിച്ചിട്ടുള്ള (relinguished) ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകർക്ക് പൊതുസ്ഥലംമാറ്റത്തിൽ നിന്നും പരിരക്ഷയുണ്ടായിരിക്കുന്നതാണ്.

(15) ഹയർ സെക്കന്ററി അദ്ധ്യാപക സ്ഥലംമാറ്റത്തിന്റെ പൂർണ്ണമായ അധികാരം ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. ഭരണപരമായ കാരണങ്ങളാലോ, പൊതുതാല്പര്യത്തിന്റെ അടിസ്ഥാനത്തിലോ, ഈ മാനദണ്ഡങ്ങൾ ഇളവുചെയ്തുകൊണ്ട് അദ്ധ്യാപക സ്ഥലംമാറ്റം നടത്താനുള്ള അധികാരം ഹയർ സെക്കന്ററി ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. എന്നാൽ ഇത്തരം ട്രാൻസ്ഫർ അത്യാവശ്യമായി വരുന്ന സാഹചര്യത്തിൽ മാത്രം നടത്തേണ്ടതും വ്യക്തമായ കാര്യങ്ങൾ വിശദീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

(16) മേൽപ്പറഞ്ഞ ട്രാൻസഫർ മാനദണ്ഡങ്ങൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നേരിട്ടാൽ മാനദണ്ഡങ്ങളിൽ മാറ്റങ്ങൾ സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായി നടത്താൻ ഹയർ സെക്കന്ററി ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും.

(17) സ്ഥലംമാറ്റം സംബന്ധിച്ച എല്ലാ നടപടികളും ഓൺലൈൻ സംവിധാനം മുഖേന നടത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**വി.എസ്.സെന്തിൽ,**
**ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.**

ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം.
എല്ലാ ഹയർ സെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
സ്റ്റേറ്റ് സെൻട്രൽ ലൈബ്രേറിയൻ, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം.
ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം (ഗവൺമെന്റ് വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
പൊതുവിദ്യാഭ്യാസ (റ്റി/എസ് സി) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.